(സി) എത്ര വാഹനങ്ങൾ ലേലത്തിൽ വിറ്റു എന്നും എന്തു തുക ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) മന്ത്രിമാർ ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) നാളിതുവരെ സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിൽ 34 പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) 1. മഹിക്കാർ മോട്ടോഴ്സ്, തിരുവനന്തപുരം, അംബാസിഡർ—8 എണ്ണം. എസ്കോ മോട്ടോഴ്സ്, തിരുവനന്തപുരം-അംബാസിഡർ 2 എണ്ണം-ആകെ 40,51,509 രൂപ

2. മുപ്പൻ മോട്ടോഴ്സ്, കൊച്ചി ടയോട്ട കൊറോള (പെട്രോൾ) 7 എണ്ണം-60,28,729 രൂപ.

3. കേരള കാർസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി-ഫോർഡ് ഐക്കൺ (ഡീസൽ) 11 എണ്ണം-ആകെ 65,53,802 രൂപ

4. കേരള കാർസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി-ഫോർഡ് ഐക്കൺ (പെട്രോൾ) 3 എണ്ണം-ആകെ 16,23,901 രൂപ

5. മഹിക്കാർ എഞ്ചിനീയേഴ്സ്, കൊച്ചി-സ്കോഡാ ഒക്ടോവിയ 3 എണ്ണം-ആകെ 29,83,800 രൂപ

(സി) 27 വാഹനങ്ങൾ ലേലത്തിൽ വിറ്റു ടി ഇനത്തിൽ 2,97,713 രൂപാ ലഭിച്ചിട്ടുണ്ട്.

(ഡി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിന് ശേഷം മന്ത്രിമാർ ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 91,57,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്ക് 1,66,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

തിരുവനന്തപുരം കിഴക്കേക്കോട്ട പുനരുദ്ധാരണ പദ്ധതി

6 [1784] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിലെ കിഴക്കേക്കോട്ട പുനരുദ്ധാരണം സംബന്ധിച്ച് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെ ഇതിനായി എത്ര കോടി രൂപ ഏതെല്ലാം പദ്ധതികൾക്ക് ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം കിഴക്കേക്കോട്ടയുടെ പുനരുദ്ധാരണങ്ങളുമായി ബന്ധപ്പെട്ട് പുരാവസ്തു വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ച പദ്ധതികൾ.

1. ഫോർട്ട് മ്യൂസിയത്തിന്റെയും, പരിസരപ്രദേശങ്ങളുടേയും നവീകരണം.

2. കിഴക്കേക്കോട്ടയുടെ പൈതൃക സംരക്ഷണ പദ്ധതികൾ.

3. ട്രാവൻകൂർ പാലസിന്റെ അറ്റകുറ്റപ്പണികളും, നവീകരിക്കൽ പ്രവർത്തനങ്ങളും

4. കിഴക്കേക്കോട്ടയിലെ ഗാന്ധി പാർക്കിന്റെ നവീകരണം.

5. കിഴക്കേക്കോട്ടയിലെ അലങ്കാര ദീപങ്ങളുടെ വിന്യാസം എന്നിവയാണ്.

(ബി) ടൂറിസം വകുപ്പ് പുരാവസ്തു വകുപ്പ് മുഖേനയാണ് മേൽപദ്ധതികൾ നടപ്പിലാക്കുന്നത് എന്നുള്ളതുകൊണ്ട് ഇതുവരെ ഇതിനായി എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ കണക്ക് ടൂറിസം വകുപ്പിൽ ഇപ്പോൾ ലഭ്യമല്ല. പദ്ധതികൾക്ക് ടൂറിസം വകുപ്പ് പുരാവസ്തു വകുപ്പിന് അനുവദിച്ച തുകകൾ താഴെ ചേർക്കുന്നു. ഇതിൽ കേന്ദ്രസർക്കാർ അനുവദിച്ച തുകയും ഉൾപ്പെടുന്നു.

1. ഫോർട്ട് മ്യൂസിയത്തിന്റെയും പരിസരപ്രദേശങ്ങളുടേയും നവീകരണം—50 ലക്ഷം രൂപ

2. കിഴക്കേക്കോട്ടയുടെ പൈതൃക സംരക്ഷണ പദ്ധതികൾ—2 കോടി രൂപ.

3. ട്രാവൻകൂർ പാലസിന്റെ അറ്റകുറ്റപ്പണികളും, നവീകരിക്കൽ പ്രവർത്തനങ്ങളും—1 കോടി 50 ലക്ഷം രൂപ.

4. കിഴക്കേക്കോട്ടയിലെ ഗാന്ധി പാർക്കിന്റെ നവീകരണം—89 ലക്ഷം രൂപ

5. കിഴക്കേക്കോട്ടയിലെ അലങ്കാര ദീപങ്ങളുടെ വിന്യാസം—ടൂറിസം വകുപ്പ് നേരിട്ട് അലങ്കാര ദീപങ്ങളുടെ വിന്യാസത്തിനായി 33,13,922 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly